ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:24.09.2026**

### പ്രധാനവാർത്തകൾ

1. രാഷ്ട്രീയത്തിൽ സേവന മനോഭാവം വഴികാട്ടിയാകണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 'സേവാ സങ്കൽപ്പ് അഭിയാനി'ന്റെ ഭാഗമായുള്ള 'സേവാ യാത്ര'യിൽ പങ്കെടുക്കുന്നവരുമായി പ്രധാനമന്ത്രി സംവദിച്ചു.

2. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഞായറാഴ്ച കേരളത്തിലെത്തും. വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ശനിയാഴ്ച കേരളത്തിൽ.

3. ഇന്ന് ലോക മാരിടൈം ദിനം. കൊച്ചിയിൽ മാരിടൈം ദിനാഘോഷത്തിന്റെ സമാപന സമ്മേളനം മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും.

4. പ്രശസ്ത സാംസ്കാരിക പ്രവർത്തകനും കലാസംഘാടകനുമായ സൂര്യകൃഷ്ണമൂർത്തിയ്ക്ക് കലാകേരളത്തിന്റെ വിട. സംസ്കാരം വൈകുന്നേരം തൈക്കാട് ശാന്തി കവാടത്തിൽ ഔദ്യോഗിക ബഹുമതികളോടെ.

5. സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത. അഞ്ചു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരളം - കർണാടകം - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

6. ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് വീണ്ടും മെഡൽ തിളക്കം; വുഷുവിൽ വെള്ളി നേടി റോഷിബിന ദേവി ; റോവിങ്ങിൽ വെങ്കലവുമായി സത്നം-സൽമാൻ സഖ്യം.

&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി–സേവായാത്ര

സേവനമായിരിക്കണം ജീവിതത്തിന്റെ പ്രധാന ലക്ഷ്യമെന്നും രാഷ്ട്രീയത്തിലും സേവന മനോഭാവം വഴികാട്ടിയാകണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. 'സേവാ സങ്കൽപ് അഭിയാനി'ന്റെ ഭാഗമായി വഡ്നഗറിൽ നിന്ന് വാരണാസിയിലേക്ക് പര്യടനം നടത്തുന്ന 'സേവാ യാത്രികരുമായി' ഓൺലൈനായി സംവദിക്കുകയായിരുന്നു അദ്ദേഹം. സേവാ യാത്രികർ തങ്ങളുടെ യാത്രാനുഭവങ്ങൾ പ്രധാനമന്ത്രിയുമായി പങ്കുവച്ചു.

&&&&&&&&&&&&&&&&&

## ഉപരാഷ്ട്രപതി - കേരളം

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഞായറാഴ്ച കേരളത്തിലെത്തും. കൊല്ലം അമൃതപുരിയിൽ നടക്കുന്ന മാതാ അമൃതാനന്ദമയിയുടെ ജന്മദിനാഘോഷങ്ങളിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. തിരുവനന്തപുരത്ത് എസ്.യു.റ്റി അക്കാദമി ഓഫ് മെഡിക്കൽ സയൻസസ് ബിരുദദാന ചടങ്ങിലും ഉപരാഷ്ട്രപതി സംബന്ധിക്കും.

&&&&&&&&&&&&&&&&&

## അമിത് ഷാ - കേരളം

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ശനിയാഴ്ച കേരളത്തിലെത്തും. വിവിധ പരിപാടികളിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&

## മൻ കീ ബാത്ത്

RNU TVPM

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' ഈ മാസം 27-ന്. പരിപാടിയുടെ 138-ാം പതിപ്പാണിത്. ആശയങ്ങളും നിർദേശങ്ങളും NaMo App, MyGov എന്നിവയിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും നാളെ വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&&&&

## സ്വച്ഛ് ഭാരത് - സേവാ സങ്കൽപ്പ് അഭിയാൻ

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു. ശുചിത്വത്തെ ദേശീയ ജനകീയ മുന്നേറ്റമാക്കി മാറ്റാൻ ലക്ഷ്യമിട്ട് 2014-ൽ കേന്ദ്രസർക്കാർ ആരംഭിച്ച സ്വച്ഛ് ഭാരത് ദൗത്യത്തിന് ശേഷം രാജ്യത്ത് വലിയ പരിവർത്തനങ്ങളാണുണ്ടായത്. - ഗാർഹിക ശൗചാലയങ്ങളുടെ നിർമാണം, ഇന്ത്യൻ ഗ്രാമങ്ങളെ വെളിയിട വിസർജ്ജന മുക്തമാക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ ഇതിൽ പ്രധാനമാണ്. ശുചിത്വത്തെ ഒരു അടിസ്ഥാന ആവശ്യമാണെന്ന അവബോധം വളർത്താൻ ഈ സംരംഭത്തിലൂടെ സാധിച്ചു..

RNU TVM

&&&&&&&&&&&&&&&&&&

## കോഴിക്കോട് (ഇൻട്രോ)

സ്വച്ഛത ഹി സേവാ പ്രവർത്തനവുമായി ബന്ധപെട്ട് കോഴിക്കോട് ജില്ലയിലുടനീളം വിവിധ പരിപാടികൾ പുരോഗമിക്കുന്നു. പുതിയ ഖര മാലിന്യ സംസ്കരണ ചട്ടത്തെ കുറിച്ച് അവബോധ പരിപാടികളും സംഘടിപ്പിക്കും. വിവിധ ശുചീകരണ പപരിപാടികൾ സംബന്ധിച്ച് ജില്ലാ സ്വച്ഛത മിഷൻ പ്രോഗ്രാം ഓഫീസർ ജ്യോതിഷ് മനശ്ശേരി ആകാശവാണി വാർത്തകളോട് ........ (വോയ്സ്)

&&&&&&&&&&&&&&&&&&

## സൂര്യ കൃഷ്ണമൂർത്തി

പ്രശസ്ത സാംസ്കാരിക പ്രവർത്തകനും കലാസംഘടകനുമായ സൂര്യകൃഷ്ണമൂർത്തിയ്ക്ക് കലാകേരളത്തിന്റെ വിട. തിരുവനന്തപുരം തൈക്കാടുള്ള വസതിയിൽ പൊതുദർശനത്തിനു വച്ച ഭൗതികദേഹത്തിൽ മന്ത്രിമാരും സാംസ്കാരിക പ്രവർത്തകരും ഉൾപ്പടെ നിരവധി പേർ ആദരാഞ്ജലി അർപ്പിച്ചു. സംസ്കാര ചടങ്ങുകൾ ഇന്ന് വൈകുന്നേരം തൈക്കാട് ശാന്തി കവാടത്തിൽ ഔദ്യോഗിക ബഹുമതികളോടെ നടക്കും. കലാകൂട്ടായ്മയായ 'സൂര്യ'യുടെ അമരക്കാരനായ സൂര്യ കൃഷ്ണമൂർത്തി ഇന്നലെയാണ് അന്തരിച്ചത്.

&&&&&&&&&&&&&&&&

## ലോക മാരിടൈം ദിനാഘോഷം

ഇന്ന് ലോക മാരിടൈം ദിനം. സമുദ്രമേഖലയിൽ ജോലി ചെയ്യുന്നവരുടെ കഠിനാധ്വാനത്തെ ആദരിക്കുന്നതിനായി എല്ലാ വർഷവും സെപ്റ്റംബറിലെ അവസാന വ്യാഴാഴ്ചയാണ് ലോക മാരിടൈം ദിനമായി ആചരിക്കുന്നത്. 'നയങ്ങളിൽ നിന്ന് പ്രയോഗത്തിലേക്ക്: സമുദ്രമേഖലയിലെ മികവിന് കരുത്തേകുന്നു' എന്നതാണ് ഈ വർഷത്തെ പ്രമേയം. സംസ്ഥാന സർക്കാർ ഇന്ന് കൊച്ചിയിൽ സംഘടിപ്പിക്കുന്ന ലോക മാരിടൈം ദിനാഘോഷത്തിന്റെ സമാപന സമ്മേളനം മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും.

PNUTVPM

&&&&&&&&&&&&&&&&

## ആരോഗ്യ മന്ത്രി ഓഫീസ്

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ വിവരവും ഒ.പി സമയവും വ്യക്തമായി പ്രദർശിപ്പിക്കണമെന്ന് മന്ത്രി കെ.മുരളീധരൻ. ഇതുസംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി. പരാതികളറിയിക്കാൻ വിജിലൻസ് ഓഫീസറുടെയും ആശുപത്രി സൂപ്രണ്ടിന്റെയും നമ്പരുകളും പ്രദർശിപ്പിക്കണമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

## ബാങ്ക് പണിമുടക്ക്

ഈ മാസം 27-ാം തീയതി, ഞായറാഴ്ച എല്ലാ പൊതുമേഖലാ ബാങ്കുകളും പ്രാദേശിക ഗ്രാമീണ ബാങ്കുകളും സാധാരണ നിലയിൽ പ്രവർത്തിക്കുമെന്ന് ധനമന്ത്രാലയം അറിയിച്ചു. 28 മുതൽ 30 വരെ യുണൈറ്റഡ് ഫോറം ഓഫ് ബാങ്ക് യൂണിയൻസ് പ്രഖ്യാപിച്ചിട്ടുള്ള ദേശീയ ബാങ്ക് പണിമുടക്ക് കണക്കിലെടുത്താണ് നടപടി.

**&&&&&&&&&&&&&&&&**

**ശബരിമല സ്വർണ കിരീടം**

ശബരിമലയിലെ സ്വർണ കിരീടം കവർന്നതായി സംശയം. അമിക്കസ് ക്യൂറി ജസ്റ്റിസ് കെ.ടി. ശങ്കരൻ്റെ നേതൃത്വത്തിൽ തിരുവാഭരണങ്ങളുടെ കണക്കെടുപ്പ് പുരോഗമിക്കുന്നതിനിടെയാണ് കണ്ടെത്തൽ. 2012ൽ തമിഴ്നാട്ടിൽനിന്നുള്ള ഭക്തർ സമർപ്പിച്ച 55.72 പവൻ തൂക്കമുള്ള സ്വർണക്കിരീടമാണ് കാണാതായത്. അതേസമയം, കിരീടം അവിടെ തന്നെയുണ്ടെന്നാണ് ദേവസ്വം ബോർഡ് വ്യക്തമാക്കുന്നതെന്ന് മന്ത്രി കെ. മുരളീധരൻ പ്രതികരിച്ചു.

RNU TVPM

**&&&&&&&&&&&&&&&&**

**മഴ**

സംസ്ഥാനത്ത് ഇന്നും നാളെയും ശക്തമായ മഴയ്ക്ക് സാധ്യത. മലപ്പുറം മുതൽ കാസർഗോഡ് വരെയുള്ള അഞ്ചു ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരളം - കർണാടകം ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

**&&&&&&&&&&&&&&&&**

**കോസ്റ്റ് ഗാർഡ് - വിഴിഞ്ഞം (ഇൻട്രോ)**

തീരസംരക്ഷണ സേനയുടെ നേതൃത്വത്തിലുള്ള മലിനീകരണ നിയന്ത്രണ അഭ്യാസ പരിപാടിയ്ക്ക് തിരുവനന്തപുരത്ത് തുടക്കമായി. വിഴിഞ്ഞത്ത് നടക്കുന്ന പരിപാടി നാളെ സമാപിക്കും.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്..... (വോയ്സ്...)

**&&&&&&&&&&&&&&&&**

## ഏഷ്യൻ ഗെയിംസ്

ജപ്പാനിൽ നടക്കുന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് ഇന്നും മെഡൽ നേട്ടം. വനിതകളുടെ 60 കിലോഗ്രാം വുഷുവിൽ റോഷിബിന ദേവി വെള്ളി മെഡൽ സ്വന്തമാക്കി. പുരുഷന്മാരുടെ ഡബിൾ സ്കൾസ് ഇനത്തിൽ സത്നം സിംഗും സൽമാൻ ഖാനും വെങ്കല മെഡൽ നേടി. മെഡൽ നേടിയ താരങ്ങളെ രാഷ്ട്രപതി , ഉപരാഷ്ട്രപതി , പ്രധാനമന്ത്രി തുടങ്ങിയവർ അഭിനന്ദിച്ചു. സ്കീറ്റ് മിക്സഡ് ടീം യോഗ്യതാ റൗണ്ടിൽ പരിനാസ് ധാലിവാളും അനന്ത്ജീത് സിംഗ് നരുക്കയും ഫൈനലിൽ കടന്നു.

**&&&&&&&&&&&&&&&&**

## സുബ്രതോ കപ്പ് ഫുട്ബോൾ

65-ാമത് അണ്ടർ 17 സുബ്രതോ കപ്പ് ഫുട്ബോൾ ഫൈനൽ ഇന്ന് വൈകിട്ട് ആറിന് ഡൽഹിയിൽ നടക്കും. കേരളത്തെ പ്രതിനിധീകരിച്ച് മലപ്പുറം അത്താണിക്കൽ MIC EMHSS - മിനർവ പഞ്ചാബിനെ നേരിടും. കഴിഞ്ഞ വർഷം കേരളത്തെ പ്രതിനിധീകരിച്ച കോഴിക്കോട് ഫാറൂഖ് സ്കൂളായിരുന്നു ജേതാക്കൾ.

PNUTVPM

**&&&&&&&&&&&&&&&&**

## ട്രെയിൻ വഴിതിരിച്ചു വിടും

എറണാകുളം യാർഡിൽ ട്രാക്ക് അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ചില ട്രെയിനുകൾ വഴിതിരിച്ചുവിടുകയോ ഭാഗികമായി റദ്ദാക്കുകയോ ചെയ്യുമെന്ന് റെയിൽവേ അറിയിച്ചു. നാളെ ഗുരുവായൂരിൽ നിന്ന് പുറപ്പെടുന്ന ഗുരുവായൂർ-ചെന്നൈ എഗ്മോർ എക്സ്പ്രസ് എറണാകുളം ടൗണിനും കായംകുളം ജംഗ്ഷനും ഇടയിൽ കോട്ടയം വഴി തിരിച്ചുവിടും. എറണാകുളം ജങ്ഷൻ, ചേർത്തല, ആലപ്പുഴ, അമ്പലപ്പുഴ, ഹരിപ്പാട്

എന്നിവിടങ്ങളിൽ സ്റ്റോപ്പ് ഉണ്ടാകില്ല. നാളെ സർവീസ് നടത്തുന്ന മംഗളൂരു സെൻട്രൽ-തിരുവനന്തപുരം സെൻട്രൽ മാവേലി എക്സ്പ്രസും എംജിആർ ചെന്നൈ സെൻട്രൽ–തിരുവനന്തപുരം സെൻട്രൽ എസി സൂപ്പർഫാസ്റ്റ് എക്സ്പ്രസും കോട്ടയം വഴി തിരിച്ചു വിടും.

&&&&&&&&&&&&&&&&

<u>ഓഹരി-സ്വർണ്ണം</u>

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 770 പോയിന്റ് കുറഞ്ഞ് 74,059 ലും, നിഫ്റ്റി 249 പോയിന്റ് നഷ്ടത്തിൽ 23,199 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. പവന് 1,120 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 11,960 രൂപയും ഗ്രാമിന് 13,995 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&
&&&&&&&&&&&&&&
&&&&&&&&&&&

RNU TVPM